**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6752** **11-07-2024 - ൽ മറുപടിയ്ക്ക്**

**താലൂക്ക്-വില്ലേജ് പുന:സംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ ടീമിനെ എന്നാണ് നിയമിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് താലൂക്കുകൾ പുനഃസംഘടിപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ച പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം പ്രകാരം 13-03-2018 തീയതിയിലാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടീമിനെ നിയോഗിച്ചിട്ടുള്ളത്. പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ജനസംഖ്യാനുപാതികമായിട്ടും, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ. |
| (സി) | പ്രസ്തുത പദ്ധതിക്കായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എത്ര തുക ചെലവഴിച്ചുവെന്നു വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-695 033)*

**(ഹാജർ: എ.റ്റി. ജെയിംസ് .ഐ.എ.എസ്)**

---

**എൽ.ആർ.എം(1)- 7925/2018** **തീയതി: 13/03/18**

---

വിഷയം: താലൂക്ക് പുനസംഘടന:- പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടീമിനെ നിയോഗിക്കുന്നത്- സംബന്ധിച്ച്.

സൂചന: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 15/02/18 ലെ 39/N/M(Rev)/17-ാം നം. കുറിപ്പ്.

താലൂക്ക് പുനസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഒരു ടീമിനെ നിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ പരാമർശ പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ പ്രസ്തുത പ്രവൃത്തിയ്ക്കായി നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു. പഠന റിപ്പോർട്ട് 15/04/18 നകം സമർപ്പിക്കുന്നതനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.എൻ.പത്മകുമാർ ഐ.എ.എസ് - ജോയിന്റ് കമ്മീഷണർ
2.ബി.ഹരീന്ദ്രനാഥൻ നായർ - അസി.കമ്മീഷണർ(എസ്.സി)
3.ജേക്കബ് സഞ്ജയ് ജോൺ - സീനിയർ സൂപ്രണ്ട് (റ്റി സെക്ഷൻ)
4.ശ്രീ.വി.റ്റി.ഘോളി - ജൂനിയർ സൂപ്രണ്ട് (റ്റി സെക്ഷൻ)

ഒപ്പ്/
*കമ്മീഷണർ*

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
പകർപ്പ്:- എല്ലാ യൂണിറ്റ് ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

T3

GOVERNMENT OF KERALA 2015 16